# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. പി9/434/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 16/05/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, ഇടുക്കി

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ. പി9/434/23 തീയ്യതി: 16/05/2023

## ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2022 മുതൽ 23-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കെ.കെ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-04-2023 | 29-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-04-2023 | 29-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം. എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. ജിബി ഇ. വി., അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. കെ.ടി. കുഞ്ഞ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഷെരീഫ് കെ. യു. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 11-05-2021 |
| ശ്രീമതി. ഷാന്റി ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-05-2021 | 13-05-2021 |
| ശ്രീ. ഷൈമോൻ ജോസഫ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-05-2021 | 02-09-2021 |
| ശ്രീ. ധനേഷ് ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2021 | 15-10-2021 |
| ശ്രീ. അഷീഷ് ജി. എസ്. | സെക്രട്ടറി | 16-10-2021 | 25-10-2021 |
| ശ്രീ. രഞ്ജിത്ത് ബിജുകുമാർ എം. റ്റി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2021 | 02-11-2021 |
| ശ്രീ. ദിലീപ് എം. കെ. | സെക്രട്ടറി | 03-11-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. അനൂപ് കെ. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ശ്രീ. കെ.പി. വിജയൻ | അസി എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2021 | 30-10-2021 |
| ശ്രീ. സീജു റ്റി. | അസി എക്സിക്യൂട്ടീവ് എഞ്ചിനിയർ | 31-10-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ സമദ് | അസി എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ. രഞ്ജിത്ത് രാജ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-05-2021 |
| ശ്രീ. നിതിൻ കുമാർ എസ്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അധിക ചുമതല) | 01-06-2021 | 22-07-2021 |
| ശ്രീ. രാജേഷ് കുമാർ എസ്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 23-07-2021 | 18-09-2021 |
| ശ്രീമതി. ബീന ആർ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 19-09-2021 | 07-10-2021 |
| ശ്രീ. ജോൺസൻ എസ്. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ (അധിക ചുമതല) | 08-10-2021 | 31-12-2021 |
| ശ്രീ. നിതിൻകുമാർ എസ്. | കൃഷി അസിസ്റ്റന്റ് | 01-01-2022 | 31-03-2022 |

| | | | |
|---|---|---|---|
| | ഡയറക്ടർ | | |
| ശ്രീ. റജികുമാർ എ. സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. അമ്പിളി എം. കെ. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 01-10-2021 |
| ഡോ. ഗ്രേസി പി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 02-10-2021 | 18-12-2021 |
| ഡോ. മിനി കെ. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 19-12-2021 | 31-12-2021 |
| ഡോ. കാർത്തിക പി. എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-01-2022 | 31-03-2022 |
| ശ്രീമതി. ഉഷാ സ്റ്റീഫൻ | സി.ഡി.പി.ഒ. | 01-04-2021 | 22-02-2022 |
| ശ്രീമതി. ജാനറ്റ് എം. സേവ്യർ | സി.ഡി.പി.ഒ. | 23-02-2022 | 31-03-2023 |
| ശ്രീ. അലാഷ് എ. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 50.5ശതമാനം മാത്രം. 32.16 ലക്ഷം ലാപ്സായി. | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമ പദ്ധതികൾ | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 10 | വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ | 1-9 |
| 11 | ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സുകൾ ചട്ടപ്രകാരം ക്ലോസ് ചെയ്യുന്നില്ല. | 1-10 |
| 12 | ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികളും സംഘങ്ങളും വാടക കൂടാതെ ഉപയോഗിക്കുന്നത് സംബന്ധിച്ച്. | 1-11 |
| 13 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളല്ലാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു - നഷ്ടം - ₹ 30113/- | 1-12-1 |
| 14 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ – പരിധിയിലധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹ 25223/- | 1-12-2 |
| 15 | വൗച്ചറുകളുടെ സൂക്ഷിപ്പ് -അപാകതകൾ | 1-13 |
| 16 | താൽക്കാലിക ക്ലാർക്കിന് വേതനം- അനുബന്ധരേഖകൾ ലഭ്യമല്ല- ചെലവ് തടസ്സം | 1-14 |
| 17 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ- പ്ലാന്റ് പ്രവർത്തന രഹിതം ചെലവ് തടസ്സം | 1-15 |
| 18 | സംയുക്ത പ്രോജക്ടുകൾക്ക് തുക മാറി നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം | 1-16 |
| 19 | കാർഷിക പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ഗുരുതര വീഴ്ച | 1-17 |
| 20 | രാമക്കൽമേട് ടോയ്‌ലറ്റ് കോംപ്ലക്സ് ചട്ടവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറിയിരിക്കുന്നു | 1-18 |
| 21 | മാനുവൽ ടെണ്ടർ നടപടിയിൽ ഗുരുതര വീഴ്ച | 1-19 |
| 22 | കാരിയേലിപ്പടി അംഗൻവാടി ഭാഗം റോഡ് ടൈൽ പാകൽ- ടെണ്ടർ | 1-20 |

| | | |
|---|---|---|
| | നടപടിക്രമത്തിൽ അപാകത | |
| 23 | ഉടമസ്ഥാവകാശം ഉറപ്പാക്കാതെ കുളം നിർമ്മിച്ച് നൽകിയിരിക്കുന്നു | 1-21 |
| 24 | കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല | 1-22 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 26 | ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം- ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയിരിക്കുന്നു | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളല്ലാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു - നഷ്ടം - ₹ 30113/- | 3-1 |
| 2 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ – പരിധിയിലധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹ 25223/- | 3-2 |
| 3 | കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല | 3-3 |
| 4 | ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം- ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയിരിക്കുന്നു | 3-4 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് ജനറൽ കമ്മിറ്റിയുടെ 16-2-2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ₹ 1193670/- മുന്നിരിപ്പും ₹ 601477270/- വരവും ₹ 601470940/- ചെലവും ₹1200000/- നീക്കിയിരിപ്പുമുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 05-07-2022 | - | - |

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷവരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 23077200 | 23077200 | 22517266 | 559934 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 10720000 | 10720000 | 10049895 | 670105 |
| വികസനഫണ്ട് – റ്റി.സി.പി. | 0 | 995000 | 995000 | 856000 | 139000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 11675701 | 11675701 | 10289135 | 1386566 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 8047107 | 8047107 | 8047107 | 0 |
| മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം | 0 | 10903338 | 10903338 | 5506596 | 5396742 |

### 1-3-1 റോഡിതര മെയിന്റനൻസ് ഫണ്ട് ചെലവ് 50.5ശതമാനം മാത്രം. 32.16 ലക്ഷം ലാപ്സായി.

റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹10903338/- ൽ 2021-22 സാമ്പത്തിക വർഷം ₹5506596/- മാത്രമാണ് ചെലവഴിച്ചത്. അനുവദിച്ച ഫണ്ടിന്റെ കേവലം 50.5 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ(കൈ)നം.79/2021/ധന പ്രകാരം 2021-22 സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ടിൽ ചെലവഴിക്കാത്ത തുകയുടെ പരമാവധി 20 ശതമാനം വരെ അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളു. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ₹3216074.4/- ലാപ്സായി.

| അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | 2022-23ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക | ലാപ്സായ തുക |
|---|---|---|---|---|---|
| 10903338 | 5506596 | 5396742 | 50.5 | 2180667.6 | 3216074.4 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 83210786 | 103 | 62085644 | - | 13 | 88.79 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതി വിവരങ്ങൾ

| ക്ര.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ;ചെലവ് % |
|---|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 100.00 | 400000 | 400000 | 100.00 |
| 2 | ചൈൽഡ് ഡെവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 2 | 2 | 100.00 | 2742800 | 2703475 | 98.57 |
| 3 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 24 | 23 | 95.83 | 27480579 | 15787848 | 57.45 |
| 4 | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 13 | 13 | 100.00 | 7336000 | 7024014 | 95.75 |
| 5 | പട്ടികജാതി വികസന ഓഫീസർ | 5 | 4 | 80.00 | 2600000 | 2306391 | 88.71 |
| 6 | അസ്സിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 1 | 1 | 100.00 | 50000 | 50000 | 100.00 |
| 7 | സീനിയർ വെറ്ററിനറി സർജൻ | 3 | 3 | 100.00 | 7530000 | 7477575 | 99.30 |
| 8 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 3 | 2 | 66.67 | 2460000 | 854994 | 34.76 |
| 9 | അസിസ്റ്റന്റ് എഞ്ചിനിയർ | 64 | 54 | 84.38 | 32611407 | 25481347 | 78.14 |

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി ഒഴികെ മറ്റ് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. 80%-ൽ അധികം കാർഷികമേഖലയുമായി ബന്ധപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ലാത്തത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ശുപാർശകൾ ആവശ്യപ്പെടുന്നില്ല. ഓഡിറ്റ് വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ പദ്ധതി ശുപാർശകളൊന്നും സമർപ്പിച്ചിട്ടില്ല. വിശദവിവരങ്ങൾ ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.04.2023-ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

1. ഓഫീസ് ഓർഡർ മുഖേന ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഉദാഹരണത്തിന് ഇ.എം.ഡി രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷികമായി അബ്സ്ട്രാക്ട് തയ്യാറാക്കുകയോ ഇവ വാർഷിക കണക്കുകളിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3. വാടക രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.

4. രസീത് ബുക്കുകളുടെ സ്റ്റോക്ക് പരിപാലനത്തിന് ഇപ്പോഴും രജിസ്റ്ററുകളാണ് ഉപയോഗിക്കുന്നത്. എന്നാൽ ഈ രജിസ്റ്ററുകളിൽ എത്ര രസീത് ബുക്കുകൾ ലഭിച്ചെന്നോ ഏതൊക്കെ ജിവനക്കാർക്ക് ഇവ വിതരണം ചെയ്തെന്നോ എത്ര ബുക്കുകൾ നീക്കിയിരിപ്പുണ്ടെന്നോ വ്യക്തമാകും വിധത്തിലുള്ള രേഖപ്പെടുത്തലുകളില്ല.

5. സകർമ്മ മിനിട്ട്സ് ചട്ടപ്രകാരം യഥാസമയം പൂർത്തിയാക്കുന്നില്ല. വിശദ വിവരങ്ങൾ ഭാഗം 1 – ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

6. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ കുറഞ്ഞ വാടകയ്ക്ക് നൽകുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതിയില്ലാതെ സ്വകാര്യ വ്യക്തികളും സംഘങ്ങളും മുറികൾ കൈവശപ്പെടുത്തിയിരിക്കുന്നു. വിശദ വിവരങ്ങൾ ഭാഗം 1 – ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. പദ്ധതി പണം ചെലവഴിക്കുന്നതിന് വേണ്ടി മാത്രം ആവശ്യമായ ആസൂത്രണമില്ലാതെയും ആവശ്യകത നിർണ്ണയിക്കാതെയും വാങ്ങലുകൾ നടത്തുന്നു. ഉദാഹരണത്തിന് ബ്ലേക്ക് പഞ്ചായത്തിൽ വാങ്ങി നടപ്പാക്കിയിരുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, സാനിട്ടറി പാഡ് വൈൻഡിംഗ് മെഷിൻ, സാനിട്ടറി പാഡ് ഇൻസിനേറ്റർ എന്നിവ നിലവിൽ ഉപയോഗശൂന്യമാണ്. വിശദ വിവരങ്ങൾ ഭാഗം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

8. ടെണ്ടർ ഫാറങ്ങൾ വിതരണം ചെയ്യുന്നതിൽ ഗുരുതരമായ അപാകതകളുണ്ട്. ടെണ്ടർ ഫാറ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫാറം വിതരണം ചെയ്ത് ദിവസങ്ങൾക്ക് ശേഷമാണ് ഫാറ വില ഒടുക്കുന്നത്. വിശദ വിവരങ്ങൾ ഭാഗം 1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

9. വൗച്ചറുകൾ പ്രസിഡന്റിന്റെ അംഗീകാരമില്ലാതെയാണ് പാസ്സാക്കുന്നത്.

## 1-9 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

1. വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ കുടിശ്ശികയായി കാണിച്ചിരിക്കുന്ന ₹665801/- യുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

2. പദ്ധതി നം 120/2022 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ₹ 70000/- മുൻകൂറായി നൽകിയ വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ബി-5 ഷെഡ്യൂൾ പ്രകാരം ₹ 360000/- വായ്പയിനത്തിൽ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് നിലവിൽ വായ്പകളൊന്നുമില്ല.

4. ബി-7 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ ₹ 166620 /- നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ലഭ്യമല്ല.

5. ഇ.എം.ഡി. രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിലായി നീക്കിയിരിപ്പുണ്ട്. എന്നാൽ നീക്കിയിരിപ്പ് തുകയുടെ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. ഈ തുകകൾ വാർഷിക കണക്കിൽ ബാധ്യതയായും ഉൾപ്പെടുത്തിയിട്ടില്ല.

6. പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-10 ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി യോഗങ്ങളുടെ മിനിട്ട്സുകൾ ചട്ടപ്രകാരം ക്ലോസ് ചെയ്യുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം "യോഗ തീരുമാനങ്ങളും യോഗ നടപടി ക്രമവും രേഖപ്പെടുത്തൽ " എപ്രകാരമായിരിക്കണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്.

1) ചട്ടം 26(3) പ്രകാരം യോഗത്തിൽ പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും രേഖപ്പെടുത്തുന്നതിന് ഒരു തീരുമാന രജിസ്റ്ററും പഞ്ചായത്തിന്റെ യോഗ നടപടിക്രമം രേഖപ്പെടുത്തുന്നതിന് ഒരു മിനിട്ട്സ് ബുക്കും ഉണ്ടായിരിക്കേണ്ടതും അവയിൽ മുൻകൂട്ടി ക്രമമായി പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും അവ സെക്രട്ടറിയുടെ സൂക്ഷിപ്പിൽ ആയിരിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സകർമ്മ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലായാണ് പഞ്ചായത്ത് യോഗനടപടിക്രമങ്ങളും കമ്മറ്റി തീരുമാനങ്ങളും ഇപ്പോൾ തയ്യാറാക്കി സൂക്ഷിച്ചുവരുന്നത്. SRO No.1021/2003 തീയതി11-11-2003 പ്രകാരം യോഗ നടപടികളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) ചട്ടം 26(4) പ്രകാരം പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും കാർബൺ പേപ്പർ പകർപ്പ് യോഗം അവസാനിച്ചാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ നടപടിക്രമങ്ങളും ഇപ്പോൾ സകർമ്മ മുഖേനയാണ് പാലിക്കുന്നത്. SRO No.1021/2003 തീയതി 11-11-2003 പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് യോഗ തീരുമാനങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ അപ്രകാരമുള്ള തിരുത്തലുകളോടെയോ അല്ലാതെയോ യോഗനടപടിക്കുറിപ്പ് സെക്രട്ടറിക്ക് തിരിച്ച് അയക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

3) ചട്ടം 26(5) ൽ തീരുമാന രജിസ്റ്ററിൽ (സകർമ്മ) രേഖപ്പെടുത്തുന്ന തീരുമാനങ്ങളും പ്രമേയങ്ങളും പൂർണ്ണവും സ്വയം വിശദീകരിക്കുന്നതും സംശയങ്ങൾക്കോ വ്യാഖ്യാനങ്ങൾക്കോ ഇട നൽകാത്തതും ആയിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. SRO No.1021/2003 തീയതി 11-11-2003 പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാലുടൻ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

4) ചട്ടം (6) പ്രകാരം യോഗത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.


എന്നാൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങളൊന്നും ബ്ലോക്ക് പഞ്ചായത്ത് പാലിച്ചിട്ടില്ല. മിനിട്ട്സുകളുടെ പരിപാലനത്തിനായി തയ്യാറാക്കിയ സകർമ്മ സേഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖകൾ പരിശോധിച്ചതിൽ മിനിട്ട്സുകൾ ചട്ടപ്രകാരം പരിപാലിക്കുന്നില്ലായെന്നും യഥാസമയം ക്ലോസ്

ചെയ്യുന്നില്ലായെന്നും വ്യക്തമായിട്ടുണ്ട്. ഉദാഹരണത്തിന് ഓഡിറ്റ് ആരംഭിച്ച തീയതിയിൽ 24-11-2023 ലെ സകർമ്മ ഡാഷ് ബോർഡ് പ്രകാരം 2022-23 വർഷത്തിലെ താഴെപ്പറയുന്ന തീയതികളിലെ മിനിട്ട്സുകൾ പൂർത്തിയാക്കിയിട്ടില്ല.


| | |
|---|---|
| 1 | 19-11-2022 |
| 2 | 23-12-2023 |
| 3 | 11-1-2023 |
| 4 | 31-1-2023 |
| 5 | 22-2-2023 |
| 6 | 1-3-2023 |
| 7 | 21-3-2023 |
| 8 | 27-3-2023 |
| 9 | 28-3-2023 |

സകർമ്മ ഡാഷ്ബോർഡിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2022




2023




ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 16/27-4-2023), കരട് മിനിട്ട്സുകൾ തയ്യാറാക്കിയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മിനിട്ട്സുകൾ പൂർത്തിയാക്കി ക്ലോസ് ചെയ്യിട്ടില്ലാത്തത് 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾക്ക് എതിരാണ്. മിനിട്ട്സുകൾ യഥാസമയം ക്ലോസ് ചെയ്യിട്ടില്ലാത്തത് പിന്നീട് അദ്ധ്യക്ഷന്റെയോ കമ്മറ്റി അംഗങ്ങളുടെയോ അംഗീകാരമില്ലാതെ മിനിട്ട്സിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരുത്തുന്നതിന് ഇടയാക്കും. ആയതിനാൽ മിനിട്ട്സുകൾ ചട്ടപ്രകാരം പൂർത്തിയാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം 1 & 2 എന്നിവ പ്രകാരമുള്ള മിനട്ട്സുകൾ ക്ലോസ് ചെയ്യതിന് ശേഷം തിരുത്തലുകൾക്കായി റിവേർട്ട് ചെയ്യതാവാനും സാധ്യതയുണ്ട്. ഇക്കാര്യങ്ങൾ സാങ്കേതികമായി പരിശോധിക്കേണ്ടതുണ്ട്. ഓഡിറ്റിന് ലഭ്യമായ സകർമ്മ ഡാഷ് ബോർഡിലെ വിവരങ്ങൾ ഉപയോഗിച്ച് ഇത്തരം വിവരങ്ങൾ പരിശോധിക്കുന്നതിന് സാധിക്കുകയില്ല. ബ്ലോക്ക് പഞ്ചായത്തിലെ മിനിട്ട്സുകളുടെ പരിപാലനം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ തലത്തിൽ നിരീക്ഷിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-11 ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ സ്വകാര്യ വ്യക്തികളും സംഘങ്ങളും വാടക കൂടാതെ ഉപയോഗിക്കുന്നത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളും മുറികളും സ്വകാര്യ വ്യക്തികളും സംഘങ്ങളും വാടക കൂടാതെ ഉപയോഗിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ വിവരങ്ങൾ | നിലവിൽ കെട്ടിടം ഉപയോഗിക്കുന്ന വ്യക്തിയുടെ / സംഘത്തിന്റെ പേര് (ലഭ്യമായ രേഖകൾ പ്രകാരം) | കുറിപ്പുകൾ |
|---|---|---|---|
| 1 | എസ്.ജി.എസ്.വൈ. കെട്ടിടം - കിഴക്കേക്കവല | സ്വാന്തനം ചാരിറ്റബിൾ ട്രസ്റ്റ് | വാടക നിശ്ചയിച്ച് നൽകുകയോ എഗ്രിമെന്റ് വയ്ക്കുകയോ ചെയ്യിട്ടില്ല. വാടക കൂടാതെ മുറികൾ ഉപയോഗിക്കുന്നു |
| 2 | ഉക്കുപാലം കർഷക മാർക്കറ്റ് | സതി അനിൽകുമാർ | വാടക നിശ്ചയിച്ച് മുറി ലേലത്തിൽ നൽകിയതിന്റെ രേഖകളും വിശദാംശങ്ങളും ലഭ്യമല്ല. മേൽ കെട്ടിടം പരിശോധിച്ചതിൽ വർഷങ്ങളായി വാടക കൂടാതെ |

| | | | |
|---|---|---|---|
| | | | സ്വകാര്യ വ്യക്തി ഈ മുറി ഉപയോഗിക്കുകയാണ്. കെട്ടിടം ലേലത്തിൽ നൽകുന്നതിന് പകരം കെട്ടിടം വാടകയ്ക്കു നൽകണണമെന്ന് ആവശ്യപ്പെട്ട് സ്വകാര്യ വ്യക്തി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് വയ്ക്കുന്നതിന് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്വകാര്യ വ്യക്തിയുടെ അപേക്ഷ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾക്ക് വിരുദ്ധമാണ്. |
| 3 | രാജകുമാരി എസ്.ജി.എസ്.വൈ. കെട്ടിടം | റോയി സ്കറിയ | മുറി ലേലത്തിൽ നൽകിയതിന്റെയോ കരാറിൽ ഏർപ്പെട്ടതിന്റെയോ രേഖകളോ വിശദാംശങ്ങളോ ലഭ്യമല്ല. |
| 4 | ബിജു കുട്ടുപുഴ, രാജാക്കാട് | കള്ളിമാലി ടൂറിസം ഫെസിലിറ്റേഷൻ സെന്റർ | മുറി ലേലത്തിൽ നൽകിയതിന്റെയും കരാറിൽ ഏർപ്പെട്ടതിന്റെയു രേഖകളും വിശദാംശങ്ങളും ലഭ്യമല്ല. |
| 5 | - | മഞ്ഞപ്പെട്ടി പട്ടികജാതി കാർഷിക വിതരണ കേന്ദ്രം | വാടക നിശ്ചയിച്ച് ലേലത്തിൽ നൽകിയിട്ടില്ല. |

മേൽ കെട്ടിടങ്ങൾ വാടക നിശ്ചയിച്ച് ലേലത്തിൽ നൽകിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം11/27-4-2023) നൽകിയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

അനധികൃതമായി മുറികൾ കൈവശപ്പെടുത്തിയവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതും മുറികൾ ഒഴിപ്പിക്കേണ്ടതുമാണ്. കൂടാതെ തുച്ഛമായ വാടക ഈടാക്കുന്ന കെട്ടിടങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്കുതകും വിധം പി.ഡബ്ല്യൂ.ഡി മുഖേന വാടക നിശ്ചയിച്ച് ലേലം ചെയ്ത് നൽകേണ്ടതാണ്. സ്വകാര്യ വ്യക്തികളുടെയും സംഘങ്ങളുടെയും അപേക്ഷകൾ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് കുറഞ്ഞ വാടകയ്ക്ക നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-12-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളല്ലാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു - നഷ്ടം - ₹ 30113/-

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | 39/2022<br>4/2022 |
| അടങ്കൽ / ചെലവ് | 1500000/1500000<br>2030000/2030000 |
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് (പൊതു വിഭാഗം) |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിലെയോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തിലെയോ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് / ബാങ്ക് അക്കൗണ്ട് നം | ബിൽ നം / തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഏലിയാമ്മ തോമസ്, ചേരുങ്കൽ, പാലാർ/ 67022914138 | 21100463008800678057/ 20/11/2021 | 5,830 |
| 2 | അന്ന ജയ്മോൻ, പതിച്ചിറയിൽ, ചേമ്പളം/ 40672101055122 | 21100463008800678067/ 20/11/2021 | 6,240 |
| 3 | മാത്യു റ്റി. അലക്സ്, കൈതയ്ക്കൽ, ചെമ്മണ്ണാർ/ 672273344519 | 21100452015300905083 / 07.01.2022 | 6,783 |
| 4 | വൽസമ്മ തോമസ്, ഓരത്തേൽ / 455102010015347 | 21100463008800678057/ 20/11/2021 | 5,620 |
| 5 | സുജാത മുരളീധരൻ നായർ, പുളിഞ്ചുവാലിൽ, മുണ്ടിയെരുമ / 678053000002560 | 21100452015100905114 / 07.01.2022 | 5640 |
| ഗുണഭോക്താവല്ലാത്തവർക്ക് ധനസഹായം അനുവദിച്ചതിലുള്ള നഷ്ടം | | | 30113 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10-5-2023) മറുപടി ലഭ്യമാക്കിയില്ല. അർഹതയില്ലാത്തവർക്ക് സബ്സിഡി അനുവദിച്ചതിലൂടെയുള്ള നഷ്ടം ₹ 30113/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-12-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ – പരിധിയിലധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹ 25223/-

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയിൽ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം പരിധിയിലധികം സബ്സിഡി നൽകി. സർക്കാർ ഉത്തരവ് നം 22/2018 ത.സ്വ.ഭ.വ. 14-2-2018 ഖണ്ഡിക 6.2 പ്രകാരം എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും 1 ലിറ്റർ പാലിന് ₹ 3/- നിരക്കിൽ പരമാവധി ₹ 40000/- വരെ സബ്സിഡി നൽകാമെന്ന് നിർദേശിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ/നിർദേശങ്ങൾ പ്രകാരം സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായോ ആണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ 2021-22 വർഷത്തിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി നടപ്പാക്കിയപ്പോൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി നൽകിയിരിക്കുന്നത്.

ഇത്തരത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് നിക്ഷേപിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് പരമാവധി തുകയായ ₹ 40000/- -ൽ അധികം തുക നൽകിയിട്ടുണ്ടോ എന്ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിട്ടപ്പെടുത്തിയിട്ടില്ല. ഒപ്പം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളെ യഥാസമയം അറിയിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സബ്സിഡി തുക ഉൾപ്പെടെ ₹ 40000/- – ൽ അധികം നൽകിയിട്ടുണ്ട്. ഒരോ വ്യക്തിക്കും പദ്ധതി വർഷത്തിൽ സബ്സിഡി ഇനത്തിൽ അനുവദിച്ച ധനസഹായം എത്രയെന്ന് തിട്ടപ്പെടുത്തിയിരുന്നെങ്കിൽ ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ അധികം ധനസഹായം അനുവദിച്ചത് ഒഴിവാക്കാമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ബാങ്ക് അക്കൗണ്ട് നം | സ്ഥാപനം | ബിൽ നം / തീയതി | തുക | ആകെ തുക | ആകെ അധികം നൽകിയ തുക | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | പ്രീതി എസ്, വള്ളിക്കുന്നേൽ / 423402010007357 | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 21100452014700736587/ 02.12.2021 | 28114 | 70,807 | 30807 | 11886 |
| | | | 21100452014700905172/ 07.01.2022 | 30807 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800678057/ 20.11.2021 | 11886 | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ബിയാട്രീസ് ജോസഫ് പള്ളത്ത്/ 372302010015667 | രാജകുമാരി ഗ്രാമ പഞ്ചായത്ത് | 211007520138O1364000/ 18.03.2022 | 8005 | 51,166 | 11166 | 9667 |
| | | | 211007520138OO736544/ 02.12.2021 | 9667 | | | |
| | | | 21100752013801178994/ 22.02.2022 | 9149 | | | |
| | | | 21100752013800736497/ 02.12.2021 | 9667 | | | |
| | | | 21100752013800736517/ 02.12.2021 | 5011 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800678074/ 20.11.2021 | 9667 | | | |
| 3 | ഉഷാ രാജു, നിഷാ ഭവൻ / 455102010006744 | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 21100452015301430971/ 23.03.2022 | 4145 | 50,139 | 10139 | 3670 |
| | | | 21100452015300904892/ 07.01.2022 | 3670 | | | |
| | | | 21100452015301004603/ 25.01.2022 | 13621 | | | |
| | | | 21100452015300905065/ 07.01.2022 | 3670 | | | |
| | | | 21100452015300905017/ 07.01.2022 | 6939 | | | |
| | | | 21100452015301430980/ 23.03.2022 | 7485 | | | |
| | | | 21100452015300905083/ 07.01.2022 | 6939 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800828413/ 22.12.2021 | 3670 | | | |
| ആകെ അധികമായി അനുവദിച്ച ധനസഹായം | | | | | | | 25223 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10-5-2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ രേഖയിലെ നിർദേശങ്ങൾ പ്രകാരം സംയുക്തമായി ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനത്തോടുകൂടി പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതിനാൽ സബ്സിഡി ഇനത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കാമായിരുന്നു. അധികമായി അനുവദിച്ച ധനസഹായം ₹25223/- യുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-13 വൗച്ചറുകളുടെ സൂക്ഷിപ്പ് -അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ തനത് ഫണ്ട് ചെലവുകൾക്ക് ആധാരമായ പേയ്മെന്റ് വൌച്ചറുകൾ അധികൃതമാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. വിവിധ നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന അലോട്ട്മെന്റ് കത്തുകൾ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമല്ല.

3. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-156(4) (ഡി), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 34(2) എന്നിവ അനുസരിച്ച്, നിർബന്ധിതവും അനിവാര്യവുമായിട്ടുള്ള

ചെലവുകൾ ഒഴികെ സെക്രട്ടറി നടത്തുന്ന എല്ലാ പണം നൽകലുകളും റീഫണ്ടുകളും പഞ്ചായത്ത് പ്രസിഡന്റ് അധികൃതമാക്കേണ്ടതാണ്. എന്നാൽ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ പല ചെലവുകളും ഇപ്രകാരം അധികൃതമാക്കിയിട്ടില്ല എന്നു കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 213, കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 10, ചട്ടം 34 ഇവ കൃത്യമായും പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

### 1-14 താൽക്കാലിക ക്ലാർക്കിന് വേതനം- അനുബന്ധരേഖകൾ ലഭ്യമല്ല- ചെലവ് തടസ്സം

വൗച്ചർ നം.22100412 Dt.25.03.2022 ₹26425/-

മേൽ വൗച്ചർ പ്രകാരം ശ്രീ. കെ. എസ്. മോഹൻദാസ് എന്ന വ്യക്തിയ്ക്ക് പ്രതിദിനം ₹755/- നിരക്കിൽ 35 ദിവസത്തെ വേതനമായി ₹26425/- നല്കിയിരിക്കുന്നു. എന്നാൽ ടി വ്യക്തി ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണത്തെ സാധൂകരിക്കുന്ന മസ്റ്റർ റോൾ, ഹാജർ ഇവയിലേതെങ്കിലും രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതേ വിഷയത്തിൽ പഞ്ചായത്ത് കമ്മിറ്റി 10.02.22 (തീരുമാനം.8/15), 28.02.22 (തീരുമാനം.7/7) തീയതികളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളിൽ യഥാക്രമം 35 (2.12.21 മുതൽ 15-01-22 വരെ), 39 (1.12.21 മുതൽ 15-01-22 വരെ) ദിവസങ്ങളിലെ വേതനം പ്ലാൻ ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നും നല്കുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഹാജർ സംബന്ധിച്ച ആധികാരിക രേഖ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-15 ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ- പ്ലാന്റ് പ്രവർത്തന രഹിതം ചെലവ് തടസ്സം

പ്രോജക്ട് നം.67/22

ബിൽ നം. XVFC/2021-22/P/19 Dt. 26.03.2022 ₹279000/-

(ധനകാര്യ കമ്മീഷൻ അവാർഡ്.)

വൗച്ചർ നം.22100101തീ.12.07.2021 ₹195200/- തനത് ഫണ്ട്

ആകെ- ₹474200/-

മണിക്കൂറിൽ 1000 ലിറ്റർ വരെ ശുദ്ധീകരണ ശേഷിയുള്ള ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചതിന് മേൽ ബിൽ പ്രകാരം 'ഫിൽറ്റർ പോയിന്റ് വാട്ടർ കെയർ സൊല്യൂഷൻസ്", കട്ടപ്പന എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടുണ്ട്. പകൽ മാത്രം പ്രവർത്തിക്കുന്നതും വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള ജീവനക്കാരും ജനപ്രതിനിധികളും ചേർന്ന് അൻപതിൽ താഴെ മാത്രം ആളുകൾക്കായി ഇത്രയും തുക മുതൽമുടക്കി ഇപ്രകാരമൊരു പ്ലാന്റ് സ്ഥാപിക്കാനിടയായതിനെ സാധൂകരിക്കുന്ന ജലപരിശോധനാ റിപ്പോർട്ട്, സാധ്യതാ പഠന റിപ്പോർട്ട് എന്നീ രേഖകളടക്കമുള്ള വിശദീകരണം ലഭ്യമല്ല. ഈ പ്ലാന്റ് ഇതുവരെയും പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടില്ല. ഫിൽറ്ററിംഗ് സംവിധാനം മാത്രമാണ് കുറച്ചുനാൾ പ്രവർത്തിച്ചിട്ടുള്ളത്. പദ്ധതി ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-16 സംയുക്ത പ്രോജക്ടുകൾക്ക് തുക മാറി നല്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- ചെലവ് തടസ്സം

പ്രോജക്ട് നം.138/22 ഭ്രതാളപ്പാറ കുടിവെള്ള പദ്ധതിയ്ക്ക് പഞ്ചായത്തിന് വിഹിതം നല്കൽ

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ബിൽ നം.XVFC/21-22/P/9 തീയതി.09.03.202 ₹500000/-

ഉടുമ്പഞ്ചോല ഗ്രാമ പഞ്ചായത്തിലെ ഭ്രതാളപ്പാറ കുടിവെള്ള പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരം പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തുക മാറി നല്കിയിട്ടുണ്ട്. ടി തുക

പഞ്ചായത്ത് പദ്ധതി നിർവഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട് എന്നതിന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയായിട്ടുണ്ടെങ്കിൽ വിനിയോഗസാക്ഷ്യപത്രവും മേൽ വിഹിതത്തിൽ തുകയെന്തെങ്കിലും ബാക്കിയുണ്ടെങ്കിൽ ആയത് തിരികെ ഒടുക്കിയതിന്റെ രേഖയും ലഭ്യമാക്കുന്നത് വരേയ്ക്കും ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 കാർഷിക പദ്ധതികൾ ഏറ്റെടുക്കുന്നതിൽ ഗുരുതര വീഴ്ച

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക മേഖലയിൽ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാൻ ഉത്തരവാദിത്തമുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ 2021-22 വർഷം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ യാതൊരു കാർഷിക പദ്ധതികളും ഏറ്റെടുക്കുകയോ നിർവ്വഹണം നടത്തുകയോ ചെയ്തിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 25.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 3 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് വർഷം സ്ഥിരമായി ഉദ്യോഗസ്ഥർ ഉണ്ടായിരുന്നില്ല എന്നതിനാലാണ് പദ്ധതി ഏറ്റെടുക്കുവാൻ കഴിയാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ വിപുലമായ സൗകര്യങ്ങൾ ഉണ്ടായിട്ടും കാർഷിക മേഖലയായ പ്രദേശത്ത് യാതൊരു കാർഷിക പദ്ധതിയും ഏറ്റെടുക്കാതിരുന്നത് ന്യായീകരിക്കത്തക്കതല്ല. ഇത്തരം അപാകതകൾ ഭരണസമിതി ഗൗരവമായി കാണേണ്ടതാണ്.

1-18 രാമക്കൽമേട് ടോയ്‌ലറ്റ് കോംപ്ലക്സ് ചട്ടവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | 121/22, രാമക്കൽമേട് ടോയ്‌ലറ്റ് കോംപ്ലക്സ് അധിക സൗകര്യങ്ങൾ |
| അടങ്കൽ | ₹494258/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ബിൽ നം./തീയതി/തുക | 2110046300840148288/ 23.03.2022/ ₹494147/- |

മേൽ പദ്ധതി പ്രകാരം രാമക്കൽമേട് ടോയ്‌ലറ്റ് കോംപ്ലക്സ് അധിക സൗകര്യം ഒരുക്കുന്നതിന് ₹494147/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ടോയ്‌ലറ്റ് കോംപ്ലക്സ് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി ആണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നടത്തിയ പരിശോധനയിൽ മുൻവർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടെ രണ്ട് നിലകളായി പണികഴിച്ചിട്ടുള്ള കെട്ടിടത്തിൽ മുകളിലെ നിലയിൽ ഒരു ബാത്ത് അറ്റാച്ചഡ് മുറിയും ബാൽക്കണിയും താഴെ നിലയിൽ ടോയ്‌ലറ്റ് കോംപ്ലക്സുമാണ് പണികഴിച്ചിട്ടുള്ളത്. ഇത് ചട്ടപ്രകാരം ലേലം ചെയ്യാതെ ഒരു സ്വകാര്യ വ്യക്തിക്ക് നടത്തിപ്പിനായി നൽകിയിരിക്കുന്നതായി ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 25.04.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 4 ന് പ്രസ്തുത രണ്ടുനില കെട്ടിടം ശോഭ എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് ₹5000/- ഡെപ്പോസിറ്റ് സ്വീകരിച്ച് പ്രതിമാസം ₹1500/- നിരക്കിൽ വാടക ഈടാക്കി താല്കാലികമായി അനുവദിക്കുന്നതിന് 27.10.2022 തീയതിയിലെ 08/19 നമ്പർ തീരുമാനപ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മറുപടിയായി അറിയിച്ചു. ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും അതേതുടർന്ന് കക്ഷിയുമായി ഉണ്ടാക്കിയിട്ടുള്ള കരാറും പരിശോധനയ്ക്ക് ലഭ്യമാക്കി. എന്നാൽ വാടക കരാറിൽ താല്കാലികമായി നൽകുന്നു എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടം ലേല നടപടി കൂടാതെ ചട്ടവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് നൽകിയത് ഗുരുതരമായ അപാകതയാണ്. കരാർ അടിയന്തരമായി റദ്ദ് ചെയ്ത് പൊതുലേലത്തിലൂടെ കെട്ടിടം വാടകയ്ക്ക് നൽകുവാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 മാനുവൽ ടെണ്ടർ നടപടിയിൽ ഗുരുതര വീഴ്ച

2021-22 വർഷം ടെണ്ടർ രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല. മാനവൽ ടെണ്ടർ തുറക്കുന്ന സമയം ഹാജരായവർ (നിർവ്വഹണ ഉദ്യോഗസ്ഥൻ ഉൾപ്പെടെ) രജിസ്റ്ററിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ടെണ്ടർ നടപടി സുതാര്യമായി നടന്നതായി കണക്കാക്കുവാൻ കഴിയുന്നില്ല. കൂടാതെ ടെണ്ടർ ഫാറം വിതരണ രജിസ്റ്റർ, സ്ഥാപനത്തിന്റെയോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ സീൽ പതിച്ച് ആധികൃതമാക്കിയ ടെണ്ടർ ഫാറം, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൂടാതെ ടെണ്ടർ ഫാറം ഇഷ്യൂ ചെയ്ത് ദിവസങ്ങൾക്ക് ശേഷം ടെണ്ടർ ഫാറ വില പഞ്ചായത്തിൽ ഒടുക്ക് വരുത്തിയതായും കാണുന്നു. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 26.04.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6ന് ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ ഫാറം വിതരണ രജിസ്റ്റർ, ടെണ്ടർ ഫാറം സ്റ്റോക്ക് രജിസ്റ്റർ എന്നിവ നിലവിൽ സൂക്ഷിക്കുന്നില്ലെന്നും തുടർവർഷങ്ങളിൽ രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നതായിരിക്കുമെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഓൺലൈൻ രസീത് നൽകുമ്പോൾ ചില സാങ്കേതിക തടസ്സം ഉണ്ടാവാറുണ്ട് എന്നതിനാലാണ് രസീതിലെ തീയതിയിൽ വ്യത്യാസം വരുന്നതെന്നും അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ ടെണ്ടർ തുറക്കുന്ന സമയം അസിസ്റ്റന്റ് എൻജിനീയർ ഒപ്പ് രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും ടെണ്ടർ നടപടികൾ സുതാര്യമായി നടത്തിയിട്ടില്ലെന്ന് വ്യക്തമാണ്. ബ്ലോക്ക് പഞ്ചായത്തിൽ/ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പക്കൽ ഒടുക്കി രസീത് നൽകിയതിന് ശേഷം മാത്രം വിതരണം ചെയ്യേണ്ടതായ ടെണ്ടർ ഫാറങ്ങൾ ഇത്തരം നടപടിക്രമങ്ങൾ ഒന്നും ഇല്ലാതെ യഥേഷ്ടം ആവശ്യക്കാർക്ക് നൽകുന്ന എന്ന് വ്യക്തമാണ്. മാത്രമല്ല ടെണ്ടർ ഫാറങ്ങൾ അച്ചടിക്കുകയോ, ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുകയോ ചെയ്ത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് നമ്പർ ക്രമത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യുന്നതിന് പകരം ടെണ്ടർഫാറത്തിന്റെ ഫോട്ടോസ്റ്റാറ്റ് എടുത്ത് യഥേഷ്ടം യാതൊരു കണക്കും സൂക്ഷിക്കാതെ വിതരണം ചെയ്തിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മാത്രമല്ല മാനവൽ ടെണ്ടറുകൾ പരിശോധിച്ചാൽ യാതൊരു മത്സര സ്വഭാവവും ടെണ്ടറിൽ ഉണ്ടായിട്ടില്ലയെന്ന് വ്യക്തമാവും. ഇത് സംബന്ധിച്ച് വിശദമായ വകുപ്പ്തല അന്വേഷണം നടത്തി നിർവ്വഹണ ഉദ്യോസ്ഥനെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

## 1-20 കാരിയേലിപ്പടി അംഗൻവാടി ഭാഗം റോഡ് ടൈൽ പാകൽ- ടെണ്ടർ നടപടിക്രമത്തിൽ അപാകത

| | |
|---|---|
| പ്രോജക്ട് | 125/22, കാരിയേലിപ്പടി അംഗൻവാടി ഭാഗം റോഡ് ടൈൽ പാകൽ |
| അടങ്കൽ | ₹295229/-(വികസന ഫണ്ട്- എസ്.സി.പി.) |
| കരാറുകാരൻ | സജിമോൻ ഒ.എസ്. |
| അളവ് ബുക്ക് നം. | 556/21-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| ബിൽ നം./തീയതി/തുക | 21100463008401528295/ 30.03.2022/ ₹292410/- |

കാരിയേലിപ്പടി അംഗൻവാടി ഭാഗം റോഡ് ടൈൽ പാകൽ എന്ന പദ്ധതിയിൽ 87മീറ്റർ ദൂരം റോഡ് 50mm ഘനത്തിലുള്ള കോൺക്രീറ്റ് ഇന്റർലോക്കിംഗ് ടൈൽ പതിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുകയും ശ്രീ. സജിമോൻ ഒ.എസ്. എന്ന കരാറുകാരന് എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ അംഗീകരിച്ച് 11.02.2022 ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രവൃത്തി നിർവ്വഹണ സമയത്ത് ഇന്റർ ലോക്കിംഗ് ടൈൽ പാകൽ എന്ന ഇനം മാറ്റി 1:2:4 കോൺക്രീറ്റ് ചെയ്യുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും റീടെണ്ടർ നടത്താതെ ഇതേ കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു. വാഹന ഗതാഗതം ഉള്ള റോഡ് 50mm ടൈൽ പാകുന്നതിന് എസ്റ്റിമേറ്റിൽ ഇനം ഉൾപ്പെടുത്തി അംഗീകാരം നല്കിയത് മൂലമാണ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടിവന്നത് എന്ന് അനുമാനിക്കുന്നു. ഇത് പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ അപാകതയാണ്. കൂടാതെ റീ ടെണ്ടർ

നടത്താതെ ടൈൽ പാകൽ എന്ന പ്രവൃത്തി കോൺക്രീറ്റിംഗ് എന്ന് മാറ്റി അതേ കരാറുകാരന് നിർവ്വഹണത്തിന് ചുമതലപ്പെടുത്തിയതിനാൽ നിരക്കിൽ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ ഉണ്ടായിട്ടില്ല. ആദ്യ എസ്റ്റിമേറ്റിൽ ടൈൽ പാകുന്നതിന്റെ പാർശ്വഭാഗം കോൺക്രീറ്റ് ചെയ്യുന്നതിന് 1.340 $M^3$ കോൺക്രീറ്റിംഗ് ഉണ്ടായിരുന്നു. തുടർന്ന് ടൈൽ പാകൽ മാറ്റി പകരം 31.353$m^3$ കോൺക്രീറ്റിംഗ് നടത്തിയത് മുമ്പ് അംഗീകരിച്ച് നിരക്കിൽ തന്നെയാണ് എന്നുള്ളത് സ്ഥാപനത്തിന് സാമ്പത്തിക നഷ്ടത്തിന് സാദ്ധ്യത ഉണ്ടായിട്ടുണ്ട്. നടപടിക്രമം പാലിക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 26.04.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 7 ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-21 ഉടമസ്ഥാവകാശം ഉറപ്പാക്കാതെ കുളം നിർമ്മിച്ച് നൽകിയിരിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് | 113/22, വട്ടപ്പാറ സേനാപതി കുളം നിർമ്മാണം | 102/22, പന്നിയാർകുട്ടി ഭാഗം കുളം (സ്പിൽ ഓവർ) |
| അടങ്കൽ | ₹100000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹500000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | പി.കെ. വിജയൻ | ഷാജി ജോസഫ് |
| അളവ് ബുക്ക് നം. | 16/21-22 | 418/21-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ |
| ബിൽ/വൗച്ചർ നം./തീയതി/തുക | XVFC/2021-22/P/21/ 28.03.2022/ ₹964195/- | 21100463008400685360/22.11.21/ ₹499564/- |

മേൽ പദ്ധതികളിൽ കുളം നിർമ്മാണത്തിനായി ആകെ ₹1463759/- ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതിൽ വട്ടപ്പാറ സേനാപതി കുളം നിർമ്മാണം എന്ന പദ്ധതിയുടെ ഭാഗമായി ശ്രീ. സുകുമാരൻ, വാഴപ്പറമ്പിൽ, വട്ടപ്പാറ പി.ഒ. എന്ന വ്യക്തി ഒപ്പിട്ട ലാന്റ് റിലിൻഗ്യൂഷ്മെന്റ് ഫാറം വില്ലേജ് ഓഫീസർക്ക് നൽകിയതായി കാണുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റിയതായോ പ്രസ്തുത സ്ഥലത്തേക്ക് പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന വഴി സൗകര്യം ഉൾപ്പെടെ ഒരുക്കിയിട്ടുള്ളതായോ കാണുന്നില്ല. സ്വകാര്യ വ്യക്തികൾക്കായി കുളം നിർമ്മിച്ച് നൽകിയിട്ടുള്ളതാണെങ്കിൽ ആയത് പൊതുപണത്തിന്റെ ദുർവ്യയമായി കാണേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 27.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 15-ന് മറുപടി ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് വിശദമായ വകുപ്പ് തല അന്വേഷണം നടത്തേണ്ടതും ഉടമസ്ഥാവകാശം ലഭിക്കാതെയാണ് കുളം നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ചെലവ് തുക ₹1463759/- ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-22 കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട് | 70/22, കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം |
| അടങ്കൽ | ₹1000000/-(പ്രത്യേക ഗ്രാന്റ്- ശുചിത്വമിഷൻ) |
| കരാറുകാരൻ | സജിമോൻ പി.റ്റി. |
| അളവ് ബുക്ക് നം. | 435/21-22 & 68/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

| | |
|---|---|
| വൗച്ചർ നം./തീയതി/തുക | ലഭ്യമല്ല/ 30.03.2022/ ₹504636/-<br>ലഭ്യമല്ല/30.09.2022/ ₹495364/- |
| ആകെ | 10,00,000/- |

കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. മേൽ പദ്ധതിയിൽ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നില്ല. മാത്രമല്ല പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. ശ്രീമതി. കോമളവല്ലി രാജൻ, പ്രകാശ് ഭവൻ, ബ്ലോക്ക് നം. 470, കോമ്പയാർ എന്ന വ്യക്തി ഒപ്പ് വച്ചിട്ടുള്ള ലാന്റ് റിലിൻഗ്വിഷ്മെന്റ് ഫാറം വില്ലേജ് ഓഫീസർക്ക് നൽകിയതായി കാണുന്നു. എന്നാൽ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയതിന് രേഖയില്ല. അനുയോജ്യമായ സ്ഥലമല്ല ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി തിരഞ്ഞെടുത്തത്. തദ്ദേശീയർ മാത്രമുള്ള, പ്രധാനപ്പെട്ട പാതകൾ കടന്നുപോകാത്ത സഞ്ചാരികളൊന്നും എത്തിപ്പെടാത്ത ഒരു ഉൾപ്രദേശം വൻതുക മുടക്കിയുള്ള ടോയ്‌ലറ്റ് നിർമ്മാണത്തിന് തിരഞ്ഞെടുത്തത് തികച്ചും തെറ്റായ നടപടിയാണ്. സ്ഥലം സ്ഥിതി ചെയ്യുന്ന സാഹചര്യങ്ങൾ കൊണ്ടുതന്നെ ഈ പദ്ധതികൊണ്ട് പ്രയോജനം ഉണ്ടാവില്ല എന്നത് വ്യക്തമാണ്. ശുചിത്വമുള്ള പൊതു ടോയ്‌ലറ്റുകളുടെ എണ്ണം വളരെ കുറവാണ് നമ്മുടെ സംസ്ഥാനത്ത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ശുചിത്വമിഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച തുക പ്രയോജന രഹിതമായി ചെലവഴിച്ചിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 27.4.2023-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14 ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ ഫണ്ട് ഉണ്ടായിരുന്നിട്ടും ഫലപ്രാപ്തി ലക്ഷ്യമിട്ട് പദ്ധതി ഏറ്റെടുക്കാതെ പൊതുപണം ദുർവിനിയോഗം ചെയ്തതിനാൽ മേൽചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 120/22, നെടുങ്കണ്ടം കിഴക്കേക്കവല എസ്.ജി.എസ്.വൈ. കെട്ടിടത്തിൽ KWA വാട്ടർ കണക്ഷൻ |
| അടങ്കൽ | ₹70000/-(വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| വൗച്ചർ നം./ തീയതി/തുക | 21100463008401354842/ 17.03,2022/ ₹70000/- |

മേൽ പദ്ധതിയുടെ ഭാഗമായി വാട്ടർ കണക്ഷൻ എടുക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബിൽ പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ, പി.എച്ച്. ഡിവിഷൻ, തൊടുപുഴയ്ക്ക് ₹70000/- ഒടുക്കിയതായി കാണുന്നു. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും കരാർ തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചതായും കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 27.04.2023 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13 ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവ് തുക ₹70000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം- ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത്

നിർമ്മാണം നടത്തിയിരിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് | 118/22, ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം |
| അടങ്കൽ | ₹460000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷാജി ജോസഫ് |
| അളവ് ബുക്ക് നം. | 418/21-22 |
| വൗച്ചർ നം./തീയതി/തുക | 22100407/ 31.03,2022/ ₹433072/-<br>22100413/31,03,2022/ ₹16040/-<br>ആകെ ₹449112/- |

കരുണാപുരം ഗ്രാമ പഞ്ചായത്തിലെ ബാലൻപിള്ള സിറ്റി എന്ന സ്ഥലത്ത് നിലവിലുള്ള വിജയോദയം പബ്ലിക് ലൈബ്രറി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ബ്ലോക്ക് പഞ്ചായത്ത് മുൻവർഷങ്ങളിൽ ഭാഗീകമായി നിർമ്മാണം നടത്തിയിട്ടുള്ള പകൽ വീട് കെട്ടിടത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ മേൽ പദ്ധതി ഏറ്റെടുക്കുകയും ഫ്ലോറിംഗ്, സീലിംഗ്, പെയിന്റിംഗ് ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പബ്ലിക് ലൈബ്രറിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതിന് യാതൊരു രേഖയും ഫയലിൽ ഇല്ല. മാത്രമല്ല ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം വിജയോദയം പബ്ലിക് ലൈബ്രറിയുടെ കൈവശത്തിലാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥാവകാശം ലഭിക്കാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമായി കണക്കാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പകൽ വീട് എന്ന പേരിൽ പബ്ലിക് ലൈബ്രറിക്ക് കെട്ടിടം നിർമ്മിച്ച് നൽകിയതാണെന്ന് വ്യക്തമാണ്. ആയതിനാൽ ഇതിനായി തൻവർഷം ചെലവഴിച്ച ₹449112/- ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ആത്യന്തികമായി നിർവ്വഹണ ഉദ്യോഗസ്ഥന് ഉണ്ടെന്നിരിക്കെ ആയത് ഉറപ്പാക്കാതെ നിർമ്മാണം നടത്തിയതിനാൽ ചെലവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താക്കളല്ലാത്തവർക്ക് പാലിന് സബ്സിഡി അനുവദിച്ചു - നഷ്ടം - ₹ 30113/-

| | |
|---|---|
| നിർവ്വഹണം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം | 39/2022<br>4/2022 |
| അടങ്കൽ / ചെലവ് | 1500000/1500000<br>2030000/2030000 |

| | |
|---|---|
| ഫണ്ട് | ഡെവലപ്പ്മെന്റ് ഫണ്ട് (പൊതു വിഭാഗം) |

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിലെയോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തിലെയോ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് / ബാങ്ക് അക്കൗണ്ട് നം | ബിൽ നം / തീയതി | തുക |
|---|---|---|---|
| 1 | ഏലിയാമ്മ തോമസ്, ചേരുങ്കൽ, പാലാർ/ 67022914138 | 21100463008800678057/ 20/11/2021 | 5,830 |
| 2 | അനു ജയ്മോൻ, പതിച്ചിറയിൽ, ചേമ്പളം/ 40672101055122 | 21100463008800678067/ 20/11/2021 | 6,240 |
| 3 | മാത്യു റ്റി. അലക്സ്, കൈതയ്ക്കൽ, ചെമ്മണ്ണാർ/ 672273344519 | 21100452015300905083 / 07.01.2022 | 6,783 |
| 4 | വൽസമ്മ തോമസ്, ഓരത്തേൽ / 455102010015347 | 21100463008800678057/ 20/11/2021 | 5,620 |
| 5 | സുജാത മുരളീധരൻ നായർ, പുളിഞ്ചുവാലിൽ, മുണ്ടിയെരുമ / 678053000002560 | 21100452015100905114 / 07.01.2022 | 5640 |
| ഗുണഭോക്താവല്ലാത്തവർക്ക് ധനസഹായം അനുവദിച്ചതിലുള്ള നഷ്ടം | | | 30113 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10-5-2023) മറുപടി ലഭ്യമാക്കിയില്ല. അർഹതയില്ലാത്തവർക്ക് സബ്സിഡി അനുവദിച്ചതിലൂടെയുള്ള നഷ്ടം ₹ 30113/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-2 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ – പരിധിയിലധികരിച്ച് സബ്സിഡി നൽകി - നഷ്ടം ₹ 25223/-

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതിയിൽ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനമില്ലായ്മ മൂലം പരിധിയിലധികം സബ്സിഡി നൽകി. സർക്കാർ ഉത്തരവ് നം 22/2018 ത.സ്വ.ഭ.വ. 14-2-2018 ഖണ്ഡിക 6.2 പ്രകാരം എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും 1 ലിറ്റർ പാലിന് ₹ 3/- നിരക്കിൽ പരമാവധി ₹ 40000/- വരെ സബ്സിഡി നൽകാമെന്ന് നിർദേശിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ/നിർദേശങ്ങൾ പ്രകാരം സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമായോ ആണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ 2021-22 വർഷത്തിൽ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി നടപ്പാക്കിയപ്പോൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് സബ്സിഡി നൽകിയിരിക്കുന്നത്.

ഇത്തരത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് തുക നേരിട്ട് നിക്ഷേപിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് പരമാവധി തുകയായ ₹ 40000/- -ൽ അധികം തുക നൽകിയിട്ടുണ്ടോ എന്ന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിട്ടപ്പെടുത്തിയിട്ടില്ല. ഒപ്പം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന സബ്സിഡിയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളെ യഥാസമയം അറിയിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള സബ്സിഡി തുക ഉൾപ്പെടെ ₹ 40000/- – ൽ അധികം നൽകിയിട്ടുണ്ട്. ഒരോ വ്യക്തിക്കും പദ്ധതി വർഷത്തിൽ സബ്സിഡി ഇനത്തിൽ അനുവദിച്ച ധനസഹായം എത്രയെന്ന് തിട്ടപ്പെടുത്തിയിരുന്നെങ്കിൽ ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ അധികം ധനസഹായം അനുവദിച്ചത് ഒഴിവാക്കാമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ബാങ്ക് അക്കൗണ്ട് നം | സ്ഥാപനം | ബിൽ നം / തീയതി | തുക | ആകെ തുക | ആകെ അധികം നൽകിയ | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിൽ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | തുക | നിന്നും നൽകിയ തുക |
| 1 | പ്രീതി എസ്, വള്ളിക്കുന്നേൽ / 423402010007357 | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 21100452014700736587/ 02.12.2021 | 28114 | 70,807 | 30807 | 11886 |
| | | | 21100452014700905172/ 07.01.2022 | 30807 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800678057/ 20.11.2021 | 11886 | | | |
| 2 | ബിയാട്രീസ് ജോസഫ് പള്ളത്ത്/ 372302010015667 | രാജകുമാരി ഗ്രാമ പഞ്ചായത്ത് | 21100752013801364000/ 18.03.2022 | 8005 | 51,166 | 11166 | 9667 |
| | | | 21100752013800736544/ 02.12.2021 | 9667 | | | |
| | | | 21100752013801178994/ 22.02.2022 | 9149 | | | |
| | | | 21100752013800736497/ 02.12.2021 | 9667 | | | |
| | | | 21100752013800736517/ 02.12.2021 | 5011 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800678074/ 20.11.2021 | 9667 | | | |
| 3 | ഉഷാ രാജു, നിഷാ ഭവൻ / 455102010006744 | നെടുങ്കണ്ടം ഗ്രാമ പഞ്ചായത്ത് | 21100452015301430971/ 23.03.2022 | 4145 | 50,139 | 10139 | 3670 |
| | | | 21100452015300904892/ 07.01.2022 | 3670 | | | |
| | | | 21100452015301004603/ 25.01.2022 | 13621 | | | |
| | | | 21100452015300905065/ 07.01.2022 | 3670 | | | |
| | | | 21100452015300905017/ 07.01.2022 | 6939 | | | |
| | | | 21100452015301430980/ 23.03.2022 | 7485 | | | |
| | | | 21100452015300905083/ 07.01.2022 | 6939 | | | |
| | | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 21100463008800828413/ 22.12.2021 | 3670 | | | |
| ആകെ അധികമായി അനുവദിച്ച ധനസഹായം | | | | | | | 25223 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/10-5-2023) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ രേഖയിലെ നിർദേശങ്ങൾ പ്രകാരം സംയുക്തമായി ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ ഏകോപനത്തോടുകൂടി പദ്ധതി നടപ്പാക്കിയിട്ടില്ലാത്തതിനാൽ സബ്സിഡി ഇനത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് ഒഴിവാക്കാമായിരുന്നു. അധികമായി അനുവദിച്ച ധനസഹായം ₹25223/- യുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-3 കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം- പദ്ധതി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട് | 70/22, കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം |
| അടങ്കൽ | ₹1000000/-(പ്രത്യേക ഗ്രാന്റ്- ശുചിത്വമിഷൻ) |
| കരാറുകാരൻ | സജിമോൻ പി.റ്റി. |
| അളവ് ബുക്ക് നം. | 435/21-22 & 68/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| വൗച്ചർ നം./തീയതി/തുക | ലഭ്യമല്ല/ 30.03.2022/ ₹504636/-<br>ലഭ്യമല്ല/30.09.2022/ ₹495364/- |
| ആകെ | 10,00,000/- |

കോമ്പയാർ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം എന്ന പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. മേൽ പദ്ധതിയിൽ ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നില്ല. മാത്രമല്ല പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും ഫയലിൽ ഇല്ല. ശ്രീമതി. കോമളവല്ലി രാജൻ, പ്രകാശ് ഭവൻ, ബ്ലോക്ക് നം. 470, കോമ്പയാർ എന്ന വ്യക്തി ഒപ്പ് വച്ചിട്ടുള്ള ലാന്റ് റിലിൻക്വിഷ്മെന്റ് ഫാറം വില്ലേജ് ഓഫീസർക്ക് നൽകിയതായി കാണുന്നു. എന്നാൽ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിലേക്ക് മാറ്റിയതിന് രേഖയില്ല. അനുയോജ്യമായ സ്ഥലമല്ല ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനായി തിരഞ്ഞെടുത്തത്. തദ്ദേശീയർ മാത്രമുള്ള, പ്രധാനപ്പെട്ട പാതകൾ കടന്നുപോകാത്ത സഞ്ചാരികളൊന്നും എത്തിപ്പെടാത്ത ഒരു ഉൾപ്രദേശം വൻതുക മുടക്കിയുള്ള ടോയ്‌ലറ്റ് നിർമ്മാണത്തിന് തിരഞ്ഞെടുത്തത് തികച്ചും തെറ്റായ നടപടിയാണ്. സ്ഥലം സ്ഥിതി ചെയ്യുന്ന സാഹചര്യങ്ങൾ കൊണ്ടുതന്നെ ഈ പദ്ധതികൊണ്ട് പ്രയോജനം ഉണ്ടാവില്ല എന്നത് വ്യക്തമാണ്. ശുചിത്വമുള്ള പൊതു ടോയ്‌ലറ്റുകളുടെ എണ്ണം വളരെ കുറവാണ് നമ്മുടെ സംസ്ഥാനത്ത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി ശുചിത്വമിഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച തുക പ്രയോജന രഹിതമായി ചെലവഴിച്ചിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 27.4.2023-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14 ന് മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ ഫണ്ട് ഉണ്ടായിരുന്നിട്ടും ഫലപ്രാപ്തി ലക്ഷ്യമിട്ട് പദ്ധതി ഏറ്റെടുക്കാതെ പൊതുപണം ദുർവിനിയോഗം ചെയ്തതിനാൽ മേൽചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം- ഉടമസ്ഥാവകാശം ഇല്ലാത്ത സ്ഥലത്ത് നിർമ്മാണം നടത്തിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് | 118/22, ബാലൻപിള്ള സിറ്റി പകൽവീട് നിർമ്മാണം |
| അടങ്കൽ | ₹460000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ഷാജി ജോസഫ് |
| അളവ് ബുക്ക് നം. | 418/21-22 |
| വൗച്ചർ നം./തീയതി/തുക | 22100407/ 31.03,2022/ ₹433072/-<br>22100413/31,03,2022/ ₹16040/-<br>ആകെ ₹449112/- |

കരുണാപുരം ഗ്രാമ പഞ്ചായത്തിലെ ബാലൻപിള്ള സിറ്റി എന്ന സ്ഥലത്ത് നിലവിലുള്ള വിജയോദയം

പബ്ലിക് ലൈബ്രറി കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ബ്ലോക്ക് പഞ്ചായത്ത് മുൻവർഷങ്ങളിൽ ഭാഗീകമായി നിർമ്മാണം നടത്തിയിട്ടുള്ള പകൽ വീട് കെട്ടിടത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ മേൽ പദ്ധതി ഏറ്റെടുക്കുകയും ഫ്ലോറിംഗ്, സീലിംഗ്, പെയിന്റിംഗ് ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പബ്ലിക് ലൈബ്രറിയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതിന് യാതൊരു രേഖയും ഫയലിൽ ഇല്ല. മാത്രമല്ല ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത കെട്ടിടം വിജയോദയം പബ്ലിക് ലൈബ്രറിയുടെ കൈവശത്തിലാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥാവകാശം ലഭിക്കാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമായി കണക്കാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 27.04.2023 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12 ന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പകൽ വീട് എന്ന പേരിൽ പബ്ലിക് ലൈബ്രറിക്ക് കെട്ടിടം നിർമ്മിച്ച് നൽകിയതാണെന്ന് വ്യക്തമാണ്. ആയതിനാൽ ഇതിനായി തൻവർഷം ചെലവഴിച്ച ₹449112/- ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥലം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ആത്യന്തികമായി നിർവ്വഹണ ഉദ്യോഗസ്ഥന് ഉണ്ടെന്നിരിക്കെ ആയത് ഉറപ്പാക്കാതെ നിർമ്മാണം നടത്തിയതിനാൽ ചെലവ് തുക ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | സർട്ടിഫിക്കറ്റ് റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിരിക്കുന്നു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 120/22 നെടുങ്കണ്ടം കിഴക്കേക്കവല SGSY കെട്ടിടത്തിൽ KWA വാട്ടർ കണക്ഷൻ | 2110046300840/ 17.03.2022 | 70,000 | ഇല്ല | 70,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നു വരവില്ല. മുൻബാക്കി ₹360000/- അവശേഷിക്കുന്നുണ്ട്. തൻവർഷം ലോൺ തിരിച്ചടവ് നടത്തുകയോ തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ. ഭവന നിർമ്മാണം | സ.ഉ.(എം.എസ്.) 90/13/ തസ്വഭവ തീയതി 14.03.2013 | 1200000 | 360000 | ഇല്ല | ബാധകമല്ല | 360000 |

.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-01 | അവലോകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-01 | അവലോകനം | ടിഷ്യൂ കൾച്ചർ യൂണിറ്റിന് 1 ലക്ഷം രൂപ നഷ്ടം | |
| 2000-01 | 20 | 2003-04 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടുനൽകി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല --

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള | റവന്യൂ റിക്കവറി നടപടിയി | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാ | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | നമ്പർ/ തീയതി) | തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | ലൂടെ ഈടാക്കിയ തുക (തീയതി) | | | | ധ്യത | സ് |
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | ഖ.17, 24, 30, 31, 32, 33 | കെ.കെ. കൃഷ്ണൻ | LF 24258/ SC2/ 2000 Dt. 12.04.02 | 89403 | | ഇല്ല | | | | | 89403 | |
| 2 | 1997-98 | 16 | മോളി ജോർജ് | LF 24258/ SC2/ 2000 Dt.12.04.02 | 2500 | 500, 8/ 12.3.2000 | ഇല്ല | | | | | 2000 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76775716 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73591186 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1504448 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1070625 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 30113 | ശ്രീ. റജികുമാർ എ. സി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 25223 | ശ്രീ. റജികുമാർ എ. സി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-3 | | 1000000 | ശ്രീ. അബ്ദുൾ സമദ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 449112 | ശ്രീ. അബ്ദുൾ സമദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 26425 | ശ്രീ. എം. കെ. ദിലീപ്, സെക്രട്ടറി |
| 1-15 | 474200 | ശ്രീ. ഷൈമോൻ ജോസഫ്, സെക്രട്ടറി |
| 1-16 | 500000 | ശ്രീ. എം. കെ. ദിലീപ്, സെക്രട്ടറി |
| 1-23 | 70000 | ശ്രീ. അബ്ദുൾ സമദ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അബ്ദുൾ സമദ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | പെരുമാങ്കുടിയിൽ, കുളപ്പാറച്ചാൽ പി. ഒ. |
| ശ്രീ. ഷൈമോൻ ജോസഫ്, സെക്രട്ടറി | മരണപ്പെട്ടു | |
| ശ്രീ. എം. കെ. ദിലീപ്, സെക്രട്ടറി | സെക്രട്ടറി, നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | മംഗലത്തിൽ, സ്പ്രിങ്വാലി പി. ഒ. കുമളി |
| ശ്രീ. റജികുമാർ എ. സി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണപ്രിയ (H), നെടുങ്കണ്ടം പി.ഒ, ഇടുക്കി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.ഐ.ഡി.കെ.3/1221/95-96, 96-97/അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 13 |
| 1997-98 | കെ.എസ്.എ.ഐ.ഡി.കെ.3/1221/97-98/അദാ. ഓഗസ്റ്റ്/2022/15.9.2022 | 6 | 17, 24, 30, 31, 32, 33 |
| 1998-99 | കെ.എസ്.എ.ഐ.ഡി.കെ.3/1221/98-99/അദാ. ഓഗസ്റ്റ്/2022/15.9.2022 | 4 | 28, 30, 32, 35 |
| 1999-2000 | കെ.എസ്.എ.ഐ.ഡി.കെ.3/1221/99-2000/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 35 |
| 2000-01 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2000-01/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 23, 25 |
| 2002-03 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2002-03/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-2, 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2004-05/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 1 | 3-6 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2005-06/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-3, 3-4 |
| 2007-08 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2007-08/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-1, 3-5 |
| 2008-09 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2008-09/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 4 | 3-2, 3-3, 3-4, 3-5 |
| 2009-10 & 2010-11 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2009-10 & 2010-11/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 3 | 3-1, 3-2, 3-5 |
| 2011-12 & | കെ.എസ്.എ.ഐ.ഡി.കെ.3/1221/2011-12 & | 4 | 3-1, 3-3, 3-5, |

| | | | |
|---|---|---|---|
| 2012-13 | 2012-13 അദാ. ഓഗസ്റ്റ്/2022/15.9.2022 | | 3-8 |
| 2013-14 & 2014-15 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2013-14 & 2014-15/അദാ. ഓഗസ്റ്റ്/2022/15.9.2022 | 6 | 2-3, 3-1, 3-1(1), 3-1(2), 3-2, 3-6, 3-8, 4-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2015-16/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2016-17/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 3 | 2-1, 3-1, 3-3 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2017-18/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 5 | 2-1, 3-1, 3-2, 3-4, 3-6 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.3/1221/2018-19/ അദാ. ഓഗസ്റ്റ്/2022/15.9.2022 | 2 | 1-12, 1-13 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ.പി9-/1149/22/ 19.9.2022 | 9 | 1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 4-8, 4-9 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ.പി9-/1149/22 (1)/ 19.9.2022 | 11 | 1-13, 1-14, 1-15, 1-16, 1-17, 1-18, 3-1, 3-2, 3-3, 3-4, 4-8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്